LIBRARY ARCHIVES Kerala Legislative Assembly

ടൈറ്റാനിയം ഡയോക്സൈഡിന്റെ ആഗോളവിപണി

*25 [115] ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എം. പി. ഗംഗാധരൻ
,, ലൂഡി ലൂയിസ്:
,, വർക്കല കഹാർ:
,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ ടൈറ്റാനിയം ഡയോക്സൈഡിന്റെ ആഗോള ആവശ്യം എത്ര യാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഇതിൽ എത്ര ശതമാനം സംസ്ഥാനത്തിന് നൽകാൻ കഴിയുന്നുണ്ട്;

(സി) ടൈറ്റാനിയം ഡയോക്സൈഡിന്റെ ആഗോളവിപണിയിൽ കേരളത്തിന്റെ സംഭാവന വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദീകരിക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ടൈറ്റാനിയം ഡയോക്സൈഡിന്റെ ഇപ്പോഴുള്ള ആഗോള ആവശ്യം 44 ലക്ഷം മെട്രിക് ടൺ ആയി കണക്കാക്കപ്പെട്ടിരിക്കുന്നു.

(ബി) 0.96 ശതമാനം.

(സി) കെ.എം.എം.എൽ.-ന്റെ ഉല്പാദനശേഷി ഘട്ടം ഘട്ടമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ അംഗീകരിച്ച കോർപ്പറേറ്റ് പ്ലാൻ പ്രകാരം നിലവിലുള്ള ഉല്പാദനശേഷിയായ 22,000 മെട്രിക് ടൺ 2006-2007-ൽ പ്രതിവർഷം 1 ലക്ഷം ടൺ ആയി വർദ്ധിപ്പിക്കുവാൻ കഴിയുമെന്ന് കരുതുന്നു. ടി.ടി.പി.-യുടെ പ്രതിവർഷ ഉല്പാദനശേഷി 15,000 ടണ്ണിൽ നിന്നും 30,000 ടണ്ണായും വർദ്ധിപ്പിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ 2 വർഷത്തിനകം അമേരിക്ക, ഇംഗ്ലണ്ട്, സിങ്കപ്പൂർ മുതലായ രാജ്യങ്ങളിലേക്ക് ഉല്പന്ന കയറ്റുമതിക്ക് തുടക്കം കുറിക്കുകയും കൂടുതൽ വിപണി കണ്ടെത്താൻ ശ്രമം നടത്തുകയും ചെയ്തിട്ടുണ്ട്.

ആലപ്പുഴ തുറമുഖ വികസനം

*26 [116] ശ്രീ. കെ. സി. വേണുഗോപാൽ: സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ തുറമുഖത്തിന്റെ വികസനം സംബന്ധിച്ച എൽ ആന്റ് ടി റാംബോൾ എന്ന സ്ഥാപനം സർക്കാരിന് റിപ്പോർട്ടു സമർപ്പിച്ചിരുന്നുവോ; എങ്കിൽ എന്നാണ് റിപ്പോർട്ടു സമർപ്പിച്ചത്;

(ബി) റിപ്പോർട്ടു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) എൽ ആന്റ് ടി റാംബോൾ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുറമുഖ വികസനത്തിന് സ്വകാര്യ പങ്കാളിത്തം ക്ഷണിച്ചിരുന്നുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) സമർപ്പിച്ചിരുന്നു. 2003 ആഗസ്റ്റ് മാസത്തിൽ.

(ബി) വിനോദസഞ്ചാരികൾക്കുതകും വിധം നൗകകളും പായ്ക്കപ്പലുകളും അടുക്കുന്നതിനും അനുബന്ധ കേളീ വിനോദ സൗകര്യങ്ങൾ, ഹെൽത്ത് ക്ലബ്ബ് എന്നിവ ഉൾപ്പെടുന്ന ഒരു മറീന സ്ഥാപിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. രണ്ടു ഘട്ടമായി പദ്ധതി പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ 142 കോടി രൂപയും, രണ്ടാം ഘട്ടത്തിൽ 103 കോടി രൂപയും ചെലവ് പ്രതീക്ഷിക്കുന്നു. സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(സി) ക്ഷണിച്ചിരുന്നു. ഇതനുസരിച്ച് മുംബൈയിലെ ഇ.ഇ.സി.ഒ. എൻവയേൺ മെന്റൽ ആന്റ് കൺസൾട്ടൻസി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം താല്പര്യപത്രം നൽകിയിട്ടുണ്ട്.

അക്ഷയ പദ്ധതി

*27 [117] ശ്രീ. ഇസ്ഹാക് കുരിക്കൾ:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, കെ. കുട്ടി അഹമ്മദ്കുട്ടി:
,, ടി. പി. എം. സാഹിർ:
,, ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ പദ്ധതി ഏതെല്ലാം ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) ഏതെല്ലാം ജില്ലകളിൽ ഈ പദ്ധതി പൂർത്തീകരിച്ചു;

(സി) ഇനി ഏതെല്ലാം ജില്ലകളിലാണ് ആരംഭിക്കാൻ പോകുന്നത്;

(ഡി) ഈ പദ്ധതിയുടെ നടത്തിപ്പ് ത്വരിതപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കാൻ ഗവൺമെന്റ് നടപടിയെടുക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ, ബി) അക്ഷയ പദ്ധതി മലപ്പുറം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി. ഒന്നാം ഘട്ടമായ കമ്പ്യൂട്ടർ സാക്ഷരത പരിപാടി ജില്ലയിൽ വിജയകരമായി പൂർത്തിയാക്കി. രണ്ടാം ഘട്ടത്തിൽ വിവിധ സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly